**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **29-01-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിഗുണഭോക്താക്കൾക്ക് തുക പൂർണമായും നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ലൈഫ് പദ്ധതി പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട് ; കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മുതൽ 22.01.2024 വരെ ലൈഫ് പദ്ധതി പ്രകാരം 2,29,490 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 1,09,803 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,19,687 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് ഭാഗികമായി തുക അനുവദിച്ചു നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (ബി) | ലൈഫ് ഭവന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിലേർപ്പെടുമ്പോഴും തുടർന്ന് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിലുമാണ്. ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകുന്നത്. ഇപ്രകാരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്ന 1,19,687 ഗുണഭോക്താക്കൾക്ക് നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി അനുസരിച്ചുള്ള സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർ ഗഡുക്കൾ അനുവദിച്ചു നൽകുന്നതാണ്. |
| (സി) | ഇത്തരത്തിൽ ഭാഗികമായി തുക അനുവദിച്ചതുമൂലം വീട് പണി പൂർത്തീകരിക്കാൻ കഴിയാത്തവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക അനുവദിച്ച് നൽകിവരുന്നുണ്ട്. |
| (ഡി) | എങ്കിൽ വീട് അനുവദിച്ചവർക്കെല്ലാം തുക പൂർണമായും നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക അനുവദിച്ച് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ